ഒ. അബ്ദുർറഹ്മാൻ

# ഹദീസ് നിഷേധം കേരളത്തിൽ

**'നിരക്ഷരരിൽ** അവരിൽനിന്നുതന്നെയുള്ള ഒരു പ്രവാചകനെ നിയോഗിച്ചവനത്രെ അവൻ. അവന്റെ സൂക്തങ്ങളെ അവർക്ക് അദ്ദേഹം ഓതിക്കൊടുക്കുന്നു; അവരെ സംസ്കരിക്കുന്നു; അവരെ ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുന്നു. അതിനുമുമ്പ് നിശ്ചയമായും അവർ ദുർമാർഗത്തിൽ തന്നെയായിരുന്നു' (സൂറ: അൽജുമുഅ: 2)



'പ്രവാചകൻ നിങ്ങൾക്ക് നൽകിയത് നിങ്ങൾ സ്വീകരിക്കുവിൻ, അദ്ദേഹം നിങ്ങൾക്ക് വിലക്കിയത് ഉപേക്ഷിക്കുവിൻ' (അൽഹശ്ർ: 7)

'ആർ പ്രവാചകനെ അനുസരിച്ചുവോ അവർ അല്ലാഹുവിനെ അനുസരിച്ചു' (ആലു ഇംറാൻ: 80)

'നാം ഈ ഉദ്ബോധനത്തെ (ഖുർആനെ) നിനക്ക് അവതരിപ്പിച്ചുതന്നു, തങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടത് ജനങ്ങൾക്ക് നീ വിവരിച്ചുകൊടുക്കേണ്ടതിന്, അവർ ചിന്തിക്കേണ്ടതിനും' (അന്നഹ്ൽ: 44)

'അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ഉൽകൃഷ്ട മാതൃകയുണ്ട്. അഥവാ അല്ലാഹുവിനെയും അന്ത്യനാളിനെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.' (അൽ അഹ്സാബ്: 21)

ഇതുപോലുള്ള നിരവധി ഖുർആൻ സൂക്തങ്ങളാൽ സംശയാതീതമായി സ്ഥിരപ്പെട്ടതാണ് പ്രവാചകചര്യയുടെ പ്രാമാണികതയും ആധികാരികതയും. വിശുദ്ധ ഖുർആൻ സൂക്തങ്ങൾ സാന്ദർഭികമായി ഓതിക്കേൾപ്പിക്കുക മാത്രമായിരുന്നില്ല

പ്രവാചക ദൗത്യം. പ്രത്യുത അദ്ദേഹം തന്റെ ജനതയെ സംസ്കരിക്കുകയും അവർക്ക് ജ്ഞാനം പകർന്നു കൊടുക്കുകയും ചെയ്തു. പ്രവാചകൻ കൽപിച്ചത് സ്വീകരിക്കാനും അദ്ദേഹം വിലക്കിയത് ഉപേക്ഷിക്കാനും അല്ലാഹു വിശ്വാസികളെ ഉണർത്തി. പ്രവാചകനോടുള്ള അനുസരണം വാസ്തവത്തിൽ അല്ലാഹുവിനുള്ള അനുസരണം തന്നെയാകുന്നു. വിശുദ്ധ ഖുർആൻ അല്ലാഹു പ്രവാചകന് അവതരിപ്പിച്ചതുതന്നെ അദ്ദേഹം അതവർക്ക് വിശദീകരിക്കാനും വ്യക്തമാക്കിക്കൊടുക്കാനും വേണ്ടിയാണ്. അതാകട്ടെ, പ്രവാചകന്റെ വാക്കും പ്രവൃത്തിയും ജീവിതവും വഴി മാത്രമേ സാധിക്കുമായിരുന്നുള്ളൂ. അതാണ് അദ്ദേഹത്തിന്റെ സുന്നത്ത്. ആ സുന്നത്ത് തന്നെയാണ് അദ്ദേഹത്തിന്റെ ഉസ്വത്ത് അഥവാ മാതൃക.

സുന്നത്ത് നിരപേക്ഷമായി ഖുർആന്റെ സമ്പൂർണവും സമഗ്രവും സൂക്ഷ്മവുമായ വ്യാഖ്യാനമോ വിശദീകരണമോ സാധ്യമല്ല തന്നെ. അഞ്ചു നേരത്തെ നമസ്കാരങ്ങൾ ഖുർആനിലുണ്ട്, ജുമുഅയും ഉണ്ട്. എന്നാൽ കൃത്യമായ സമയനിർണയവും നമസ്കാരക്രമവും പഠിപ്പിച്ചത് പ്രവാചകനാണ്. സകാത്ത് ഖുർആന്റെ ഖണ്ഡിതമായ അധ്യാപനമാണ്. എന്നാൽ സകാത്ത് നിർബന്ധമാവുന്നതിന്റെ പരിധിയും തോതും വിശദീകരിച്ചത് പ്രവാചകനാണ്. ഹജ്ജ് സാധ്യമാവുന്നവർക്കൊക്കെ നിർബന്ധമാണെന്ന് ഖുർആൻ പറയുന്നു. അതെങ്ങനെ തുടങ്ങണം എങ്ങനെ അവസാനിപ്പിക്കണമെന്ന് ക്രമാനുഗതമായും വ്യവസ്ഥാപിതമായും പഠിപ്പിച്ചത് പ്രവാചകനായിരുന്നു. മയ്യിത്ത് നമസ്കാരത്തെക്കുറിച്ച സൂചനമാത്രം ഖുർആൻ നൽകുന്നു. അതിന്റെ ക്രമം പ്രവാചകൻ കാണിച്ചുകൊടുക്കുകയായിരുന്നു. മോഷ്ടാക്കളുടെ കൈ മുറിക്കണമെന്നത് ഖുർആന്റെ ശാസനയാണ്. ആ ശിക്ഷാനിയമം ആരുടെ കാര്യത്തിൽ എങ്ങനെ എപ്പോൾ നടപ്പാക്കണമെന്ന് പ്രയോഗതലത്തിൽ പഠിപ്പിച്ചത് പ്രവാചകനാണ്. വ്യഭിചാരിയുടെ ശിക്ഷ ഖുർആനിലുണ്ട്. വ്യഭിചാരക്കുറ്റം തെളിയാൻ നാല് സാക്ഷികൾ വേണമെന്നും ഖുർആനിലുണ്ട്. എന്നാൽ സാക്ഷിമൊഴി എങ്ങനെ വേണമെന്ന് വിശദീകരിച്ചത് പ്രവാചകനാണ്. മദ്യം നിഷിദ്ധമാക്കിയത് ഖുർആൻ തന്നെ. മദ്യപന്റെ ശിക്ഷ പക്ഷേ പ്രവാചകചര്യയിലേ കാണാനാവൂ. സ്ത്രീ-പുരുഷ ബന്ധത്തിന്റെ വിഹിതമാർഗം വിവാഹമാണെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നു. എന്നാൽ മുത്അഃ എന്ന താത്കാലിക വിവാഹം വിഹിതമോ സാധുവോ ആയ വിവാഹമല്ലെന്ന് പഠിപ്പിച്ചത് പ്രവാചകനാണ്. ബഹുഭാര്യാത്വം സഹോദരിമാരെ ഉപയോഗിച്ചു പാടില്ലെന്ന് ഖുർആൻ വിലക്കിയിട്ടുണ്ട്. സ്ത്രീയെയും അവളുടെ മാതൃസഹോദരിയെയും പിതൃസഹോദരിയെയും സഹോദര പുത്രിയെയും സഹോദരി പുത്രിയെയും ഒരേയവസരത്തിൽ ഭാര്യമാരാക്കികൂടെന്ന് വിശദീകരിച്ചത് പ്രവാചകനാണ്. ഇതിനെല്ലാം പുറമെ സ്നേഹോഷ്മളമായ കുടുംബജീവിതത്തിന്റെയും പെരുമാറ്റമര്യാദകളുടെയും നീതിപൂർവകമായ വിധിത്തീർപ്പുകളുടെയും സമാധാനക്കരാറുകളുടെയും മനഃസംതൃപ്തി പ്രദാനം ചെയ്യുന്ന സംശയനിവാരണങ്ങളുടെയും മഹത്തരങ്ങളായ മാതൃകകളാണ് സുന്നത്ത് നിഷേധത്തിലൂടെ മാനവകുലത്തിന് നഷ്ടമാവുക. പകരം ലഭിക്കുന്നതോ, ഖുർആൻ വ്യാഖ്യാനമെന്ന പേരിൽ അമൂർത്തവും വികലവും അയുക്തികവുമായ സ്വാഭിപ്രായങ്ങളുടെ സമാഹാരങ്ങളും. എന്തുകൊണ്ടെന്നാൽ സുന്നത്തിന്റെ അഭാവത്തിൽ നിഘണ്ടുക്കൾ മാത്രമാണ് ഖുർആൻ ഭാഷ്യം ചമക്കാൻ നിദാനമായുണ്ടാവുക. അതിലൂടെ ഒരു പുതിയ 'ദീനെ ഇലാഹി' പിറവിയെടുക്കും എന്നല്ലാതെ അതൊരിക്കലും ഇസ്‌ലാമാവില്ല. ഫലത്തിൽ സംഭവിച്ചതും അതുതന്നെ. അതുകൊണ്ടാണ് ക്രൈസ്തവരും മതേതരവാദികളുമായ യൂറോപ്യൻ കൊളോണിയൽ ശക്തികൾ മുസ്‌ലിം ലോകത്തേക്ക് കടന്നുവരികയും അവർ ഇസ്‌ലാമിന്റെ തനത് സരണിയിൽനിന്ന് മുസ്‌ലിം ജനസമൂഹത്തെ വ്യതിചലിപ്പിക്കാൻ ബഹുമുഖ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തപ്പോൾ ഒന്നാമതായി സുന്നത്തിനെ പിടികൂടിയത്. ഒരുവശത്ത് മുഹമ്മദ് നബി(സ)യുടെ വ്യക്തിത്വത്തെക്കുറിച്ച് സംശയങ്ങളും അവിശ്വാസവും ജനിപ്പിക്കുക, മറുവശത്ത് ഹദീസ് ഗ്രന്ഥങ്ങളിൽ കടന്നുകൂടിയ വ്യാജമോ ദുർബലമോ ആയ പ്രസ്താവങ്ങളുടെ പേരിൽ മൊത്തം ഹദീസുകളുടെ വിശ്വാസ്യത തകർക്കുക എന്ന ദ്വിമുഖതന്ത്രമാണ് ഓറിയന്റലിസ്റ്റുകളും മാനസികമായി അവർക്ക് അടിപ്പെട്ട മുസ്‌ലിം ബുദ്ധിജീവികളും പയറ്റിയത്. ശരീഅത്തിന്റെ അടിത്തറ തകർക്കാൻ ഏറ്റവും ഫലപ്രദമായ ഉപായം സുന്നത്ത് നിഷേധമാണെന്ന് അവർ മനസ്സിലാക്കി. അവരുടെ ലക്ഷ്യം എളുപ്പമാക്കുന്നതിന് അഹ്‌ലുൽ ഹദീസ് പ്രസ്ഥാനം വഹിച്ച പങ്ക് കണ്ടില്ലെന്ന് വെക്കാനാവില്ല. സുന്നത്തിന് പകരം കർമശാസ്ത്ര

**ഒരുവശത്ത് മുഹമ്മദ് നബി(സ)യുടെ വ്യക്തിത്വത്തെക്കുറിച്ച് സംശയങ്ങളും അവിശ്വാസവും ജനിപ്പിക്കുക, മറുവശത്ത് ഹദീസ് ഗ്രന്ഥങ്ങളിൽ കടന്നുകൂടിയ വ്യാജമോ ദുർബലമോ ആയ പ്രസ്താവങ്ങളുടെ പേരിൽ മൊത്തം ഹദീസുകളുടെ വിശ്വാസ്യത തകർക്കുക എന്ന ദ്വിമുഖതന്ത്രമാണ് ഓറിയന്റലിസ്റ്റുകളും മാനസികമായി അവർക്ക് അടിപ്പെട്ട മുസ്‌ലിം ബുദ്ധിജീവികളും പയറ്റിയത്. ശരീഅത്തിന്റെ അടിത്തറ തകർക്കാൻ ഏറ്റവും ഫലപ്രദമായ ഉപായം സുന്നത്ത് നിഷേധമാണെന്ന് അവർ മനസ്സിലാക്കി. അവരുടെ ലക്ഷ്യം എളുപ്പമാക്കുന്നതിന് അഹ്‌ലുൽ ഹദീസ് പ്രസ്ഥാനം വഹിച്ച പങ്ക് കണ്ടില്ലെന്ന് വെക്കാനാവില്ല. സുന്നത്തിന് പകരം കർമശാസ്ത്ര മദ്ഹബുകൾക്കും അവയുടെ ഇമാമുകൾക്കും മുന്തിയ പരിഗണന ലഭിച്ച ഒരു കാലഘട്ടത്തിൽ യഥാർഥ സുന്നത്തിലേക്ക് മടങ്ങാനുള്ള ആഹ്വാനവുമായിട്ടാണ് അഹ്‌ലുൽ ഹദീസ് രംഗത്തുവന്നത്. അക്കാര്യത്തിൽ അവർ നിറവേറ്റിയ സേവനം പ്രശംസാർഹമായിരുന്നുതാനും. എന്നാൽ, ഹദീസുകളെന്നപേരിൽ പ്രചാരത്തിലുള്ളവയുടെ നിവേദക പരമ്പര താരതമ്യേന കുറ്റമറ്റതാണെങ്കിൽ ഏത് ഹദീസും സ്വീകാര്യമാണെന്ന ചിന്തയും വാദവും ഇസ്‌ലാമിക തത്ത്വങ്ങളുടെ വിശാലവീക്ഷണത്തിനും യുക്തിഭദ്രതക്കും തന്നെയാണ് ഏറെ പരിക്കേൽപിച്ചത്.**

മദ്ഹബുകൾക്കും അവയുടെ ഇമാമുകൾക്കും മുന്തിയ പരിഗണന ലഭിച്ച ഒരു കാലഘട്ടത്തിൽ യഥാർഥ സുന്നത്തിലേക്ക് മടങ്ങാനുള്ള ആഹ്വാനവുമായിട്ടാണ് അഹ്‌ലുൽ ഹദീസ് രംഗത്തുവന്നത്. അക്കാര്യത്തിൽ അവർ നിറവേറ്റിയ സേവനം പ്രശംസാർഹമായിരുന്നുതാനും. എന്നാൽ, ഹദീസുകളെന്നപേരിൽ പ്രചാരത്തിലുള്ളവയുടെ നിവേദക പരമ്പര താരതമ്യേന കുറ്റമറ്റതാണെങ്കിൽ ഏത് ഹദീസും സ്വീകാര്യമാണെന്ന ചിന്തയും വാദവും ഇസ്‌ലാമിക തത്ത്വങ്ങളുടെ വിശാലവീക്ഷണത്തിനും യുക്തിഭദ്രതക്കും തന്നെയാണ് ഏറെ പരിക്കേൽപിച്ചത്. രിവായത് (നിവേദകപരമ്പര) പോലെത്തന്നെ പ്രധാനമാണ് മത്നും (ഉള്ളടക്കം) എന്ന വസ്തുത വിസ്മരിക്കപ്പെട്ടു. ഉദാഹരണത്തിന് മരണത്തിന്റെ ചുതലയേൽപിക്കപ്പെട്ട മലക്ക് അസ്റാഈൽ റൂഹിനെ പിടിക്കാൻ സമ്മതം തേടിക്കൊണ്ട് മൂസ (അ)യെ സമീപിച്ചപ്പോൾ അദ്ദേഹം മലക്കിന്റെ കണ്ണ് തല്ലിപ്പൊട്ടിച്ചു എന്ന ഒരു പൊട്ടൻകഥ സ്വീകാര്യമായ നിവേദകപരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. മറ്റ് ചില ഹദീസുകളിൽ മുഹമ്മദ് നബി(സ)ക്ക് സിഹ്ർ ബാധിച്ചിരുന്നതായി പറയുന്നു. നബി(സ) സിഹ്ർ ചെയ്യുന്നവനോ സിഹ്ർ ബാധിച്ചവനോ ആയിരുന്നുവെന്ന ശത്രുക്കളുടെ ആരോപണത്തെ ഖണ്ഡിതമായി നിരാകരിക്കുന്ന ഖുർആൻ സൂക്തങ്ങൾ നിലവിലിരിക്കെയാണ് സിഹ്ർ ബാധിച്ചതിനാൽ കുറെ ദിവസങ്ങളോളം അല്ലെങ്കിൽ മാസങ്ങളോളം മറവി ബാധിച്ചു നടന്നു എന്ന ഹദീസുകൾ. അതും യഹൂദി സിഹ്ർ ചെയ്തതുകൊണ്ട്! മഹാനായ സ്വഹാബിവര്യൻ ഇബ്നു മസ്ഊദ്, മുഅവ്വദതൈൻ (ഖുർആനിലെ 113, 114 അധ്യായങ്ങൾ) ഖുർആനിന്റെ ഭാഗമായി കരുതിയിരുന്നില്ലെന്ന പ്രബലമായ രിവായതുകളാണ് മറ്റൊരു ഉദാഹരണം. ഇമ്മാതിരി ചില ഹദീസുകളുടെ പേരിൽ സുന്നത്തിനെയാകെ നിരാകരിക്കുകയോ സംശയിക്കുകയോ ചെയ്യുന്നതുപോലെ അബദ്ധമാണ് നിവേദക പരമ്പര പ്രബലമാണെന്ന കാരണത്താൽ അവയൊക്കെ അപ്പടി സ്വീകരിക്കുന്നതും.



പക്ഷേ, ഇവിടെ ഒരു പ്രശ്നം ഉത്ഭവിക്കുന്നു. ഉള്ളടക്കത്തെ അടിസ്ഥാനപ്പെടുത്തി ഹദീസുകളെ നിരാകരിക്കാമെന്ന് വെച്ചാൽ അതിന്റെ കൃത്യവും കണിശവുമായ മാനദണ്ഡങ്ങളെന്താണ്? ഓരോ പണ്ഡിതനും തന്റെ വീക്ഷണത്തിൽ ഖുർആനികാശയങ്ങളോട് പൊരുത്തപ്പെടുന്നില്ലെന്ന് വിധിക്കുന്ന ഹദീസുകളെ തള്ളാൻ പോയാൽ അരാജകത്വമായിരിക്കില്ലേ ഫലം? ഈ ചോദ്യങ്ങൾ നേരത്തേ തന്നെ ശരീഅത്ത് വിശാരദന്മാർ പരിഗണിക്കുകയും പരിഹാരക്രിയ നടത്തുകയും ചെയ്തിട്ടുണ്ട് എന്നതാണ് വാസ്തവം. പ്രഗത്ഭ പണ്ഡിതനും ലക്നോയിലെ ദാറുൽഉലൂം നദ്‌വത്തുൽ ഉലമാ സാരഥിയുമായിരുന്ന സയ്യിദ് സുലൈമാൻ നദ്‌വി ഹദീസ് നിരാസത്തിന്റെ മാനദണ്ഡങ്ങൾ ഇങ്ങനെ സമാഹരിക്കുന്നു:

1. സാമാന്യ ബുദ്ധിക്ക് നിരക്കാത്തവ.

2. നിവേദനത്തിന്റെ അംഗീകൃത തത്ത്വങ്ങൾക്ക് നിരക്കാത്തവ.

3. അനുഭവസാക്ഷ്യങ്ങൾക്ക് എതിരായവ.

4. ഖുർആനോ മുതവാതിറായ ഹദീസുകൾക്കോ മുസ്‌ലിം ഉമ്മത്തിന്റെ ഖണ്ഡിതാഭിപ്രായങ്ങൾക്കോ വിരുദ്ധമായതും വ്യാഖ്യാനത്തിന് പഴുതില്ലാത്തതും.

5. നിസ്സാരകുറ്റത്തിന് കഠിനശിക്ഷയെകുറിച്ച ഭീഷണിയുള്ളവ.

6. നിസ്സാരകർമങ്ങൾക്ക് വളരെവലിയ പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്യുന്നവ.

7. ഒരു സംഭവം യഥാർഥത്തിൽ നടന്നിട്ടുണ്ടെങ്കിൽ ശതക്കണക്കിനാളുകൾ സാക്ഷികളായിരിക്കാൻ ഇടയുണ്ടായിരിക്കെ, ഒരാൾ മാത്രമേ അത് റിപ്പോർട്ടു ചെയ്തിട്ടുള്ളുവെങ്കിൽ ആ റിപ്പോർട്ട്.

(സീറത്തുന്നബി, വാള്യം 1, പതിപ്പ് 4, പേജ്: 45)

ഡോ. യൂസുഫുൽ ഖദാവി ഈ വിഷയം സൂക്ഷ്മമായി വിലയിരുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ചില പരാമർശങ്ങൾ:

'ഹദീസിന്റെ ആശയം ചർച്ചചെയ്യുന്നത് ആവശ്യം മാത്രമല്ല അത്യാവശ്യവുമാണ്. ബുദ്ധിക്ക് യോജിക്കാത്ത ഹദീസ് തള്ളിക്കളയുകയും വേണം. ഹദീസ് എത്രമാത്രം സ്വീകരിക്കാമെന്നും ബുദ്ധിക്ക് യോജിക്കുന്നതാണോ അല്ലേ എന്നും തീരുമാനിക്കുന്നതാരാണ്? എല്ലാ വിവരദോഷികൾക്കും ഈ അവകാശം വകവെച്ചുകൊടുക്കുകയെന്നത് മതത്തിനും ബുദ്ധിക്കും യോജിക്കാത്ത കാര്യമാണ്. പ്രത്യുത ഈ അവകാശം വിശ്വസ്തർക്കും തദ്വിഷയകമായി പ്രാഗത്ഭ്യം നേടിയവർക്കും നൽകുകയാണ് വേണ്ടത്...........

ചിലർക്ക് ഹദീസ് നിഷേധിക്കാൻ വലിയ ധൃതിയാണ്. അവയാകട്ടെ പണ്ഡിതന്മാർ സ്വഹീഹാണെന്ന് വിധികൽപിച്ച ഹദീസുമായിരിക്കും. അവ ബുദ്ധിക്ക് യോജിക്കുന്നില്ല, അല്ലെങ്കിൽ അംഗീകൃത ശാസ്ത്രത്തിന്ന് എതിരാണ്, അതുമല്ലെങ്കിൽ അടിസ്ഥാന നിയമങ്ങൾക്ക് എതിരാണ് എന്നൊക്കെയാണവർ പറയുക. അവരുടെ വാദത്തെക്കുറിച്ച് സൂക്ഷ്മമായി പഠിച്ചാൽ അതിന് രണ്ടു കാലിൽ നിൽക്കാൻ തന്നെ കെൽപില്ലെന്ന് കാണാം. ചിലപ്പോൾ ബുദ്ധിക്ക് യോജിക്കുന്നില്ല എന്നു പറഞ്ഞത് അയാളുടെ തോന്നൽ മാത്രമായിരിക്കും. അതായത് ഹദീസ് അയാളുടെ ബുദ്ധിക്ക് യോജിക്കുന്നില്ല. അല്ലാതെ സാമാന്യബുദ്ധിക്ക് യോജിക്കുന്നില്ല എന്നല്ല'. (ഖദാവിയുടെ ഫത്‌വകൾ, മലയാള പരിഭാഷ; ഭാഗം രണ്ട് - ഹദീസ് നിരൂപണത്തിന്റെ മാനദണ്ഡം - പ്രസാ: ഐ.പി.എച്ച്. കോഴിക്കോട്)

### ഹദീസ് നിഷേധം കേരളത്തിൽ

മദ്ഹബ് പക്ഷപാതിത്വത്തിന്റെയും കെട്ടുകഥകളുടെയും പിടിയിലമർന്ന കേരളത്തിൽ ബിദ്അത്തുകളെ നിരാകരിച്ചു ഹദീസുകളിലേക്ക് തിരിച്ചുപോകാനുള്ള പ്രവണത ആരംഭിക്കുന്നത് വഹാബി പ്രസ്ഥാനത്താൽ സ്വാധീനിക്കപ്പെട്ട വക്കം

> **1970-ൽ സി.എൻ. അഹ്മദ് മൗലവി പ്രസിദ്ധീകരിച്ച സ്വഹീഹുൽ ബുഖാരിയുടെ സംഗ്രഹം (2182 ഹദീസുകൾ) വിലമതിക്കപ്പെട്ട സേവനം തന്നെയെങ്കിലും മുഖവുരയിൽ അദ്ദേഹം നടത്തിയ ഹദീസ് നിരൂപണം അംഗീകൃത മാനദണ്ഡങ്ങളിൽ ഒതുങ്ങുന്നു എന്ന് പറയാനാവില്ല. ശൈഖ് ഖറദാവി ചൂണ്ടിക്കാട്ടിയപോലെ തന്റെ ബുദ്ധിക്ക് ദഹിക്കുന്നതല്ല എന്ന കാരണത്താൽ ബുഖാരി ഉദ്ധരിച്ച പ്രബലങ്ങളായ പല ഹദീസുകളും തള്ളിക്കളയാൻ അദ്ദേഹം ധൈര്യപ്പെട്ടിട്ടുണ്ട്. സ്വഹീഹായ ഏത് ഹദീസും പരമാവധി സ്വീകരിക്കാനും വ്യാഖ്യാനിക്കാനുമാണ് ശ്രമിക്കേണ്ടത്, ഗത്യന്തരമില്ലെങ്കിൽ മാത്രമേ ഹദീസ് നബി വചനമായിരിക്കയില്ല എന്ന നിഗമനത്തിലെത്താവൂ എന്നതാണ് പണ്ഡിതമതം.**

അബ്ദുൽഖാദിർ മൗലവിയുടെയും സനാഉല്ലാഹ് മക്തി തങ്ങളുടെയും പരിഷ്കരണ പ്രവർത്തനങ്ങളോടെയാണ്. രണ്ട് പേർക്കും യാഥാസ്ഥിതിക പണ്ഡിതന്മാരിൽനിന്ന് രൂക്ഷമായ എതിർപ്പുകൾ നേരിടേണ്ടി വന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരള മുസ്‌ലിം ഐക്യസംഘത്തിന്റെയും 1921-ൽ കേരള ജംഇയ്യത്തുൽ ഉലമയുടെയും ആവിർഭാവത്തോടെ മദ്ഹബ് നിരപേക്ഷ ഹദീസാധിഷ്ഠിത ചിന്താധാരക്ക് പ്രചാരവും സ്വാധീനവും വർധിച്ചു. അതിന് തടയിടാനായിരുന്നു സമസ്ത കേരള ജംഇയ്യത്തുൽ ഉലമ നിലവിൽവന്നത്. മുക്കാൽ നൂറ്റാണ്ട് കാലത്തെ മുസ്‌ലിം കേരളത്തിന്റെ ചിന്താപരമായ വളർച്ചയും വികാസവും പരിശോധിച്ചാൽ ബോധ്യമാവുന്ന വസ്തുതകൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ഇസ്‌ലാമിന്റെ പ്രഥമ മൂല പ്രമാണവും അന്യൂനവുമായ വിശുദ്ധ ഖുർആന്റെ ആശയപഠനവും തുടർന്ന് ഗവേഷണ പഠനവും തൃപ്തികരമായ അളവിൽ വികസിച്ചിട്ടില്ല. ആശയമറിയാതെ ഓതുകയോ മനഃപാഠമാക്കുകയോ ചെയ്യുന്ന സമ്പ്രദായം വലിയ മാറ്റമില്ലാതെ തുടരുന്നു. സമുദായത്തിനാവശ്യമായ പണ്ഡിതന്മാരെയും ഇമാം-ഖത്വീബുമാരെയും മതാധ്യാപകരെയും സംഭാവന ചെയ്യുന്ന ദർസുകളോ അറബിക്കോളേജുകളോ ഉന്നത മത പഠന കേന്ദ്രങ്ങളോ ഖുർആന് അർഹമായ പരിഗണന ഇനിയും നൽകിയിട്ടില്ല. സമീപ കാലത്ത് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഖുർആൻ ലേണിംഗ് - സ്റ്റഡി സെന്ററുകൾ സ്വാഗതാർഹമായ മാറ്റമാണെന്ന് പറയാം.


2. ഹദീസ് പഠനത്തിന് താരതമ്യേന മെച്ചപ്പെട്ട പരിഗണന ലഭിച്ചിട്ടുണ്ട്. മുഖ്യകാരണം ആശയമറിയാതെ പുണ്യത്തിന് വേണ്ടി പാരായണം ചെയ്യപ്പെടുന്ന ദുരവസ്ഥ ഹദീസുകൾക്ക് ഉണ്ടായില്ലെന്നതാണ്. മതോപദേശങ്ങളിൽ ഹദീസുകൾക്കുള്ള സ്ഥാനവും ഒരു കാരണമാവാം.

3. എന്നാൽ തബ്‌ലീഗ് ജമാഅത്തിന്റെ വരവോടെ ശ്രേഷ്ഠകർമങ്ങളെ (ഫദാഇലുൽ അഅ്മാൽ) പ്രോത്സാഹിപ്പിക്കാനെന്ന ആശയത്തിന്മേൽ അടിസ്ഥാനരഹിതങ്ങളായ 'ഹദീസുകൾ' വ്യാപകമായി ഉദ്ധരിക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഹദീസ് നിരൂപണ തത്ത്വങ്ങൾക്ക് വഴങ്ങുന്നതല്ല ഈ പ്രവണത.

4. ചില അറബി നാടുകളിലെയും പാകിസ്താനിലെയും നഗ്നവും വ്യക്തവുമായ ഹദീസ് നിഷേധ പ്രസ്ഥാനങ്ങൾ കേരളത്തിൽ ശക്തിപ്രാപിക്കുകയുണ്ടായില്ല. എന്നാൽ പരോക്ഷമായ ഹദീസ് നിരാസ ചിന്താഗതി പരിമിതമായ സ്വാധീനം നേടിയിട്ടുണ്ട്.

### സി.എൻ. അഹ്മദ് മൗലവി

ഒടുവിൽ പറഞ്ഞ പ്രവണതയെ വിലയിരുത്തുമ്പോൾ ഒന്നാമതായി വിചാരണ ചെയ്യപ്പെടുക സ്വഹീഹുൽ ബുഖാരിയുടെ സംക്ഷേപം മലയാളത്തിന് പരിചയപ്പെടുത്തിയ യശഃശരീരനായ പണ്ഡിതൻ സി.എൻ അഹ്മദ് മൗലവി(1905-1993)യായിരിക്കും. സമ്പൂർണ ഖുർആൻ വിവർത്തനം ലളിത മലയാള ഭാഷയിൽ നിർവഹിച്ച സി.എൻ. മൗലവിയുടെ സേവനം വ്യാപകമായി പ്രകീർത്തിക്കപ്പെടുകയുണ്ടായി; ഒപ്പം വ്യാഖ്യാനത്തിൽ അദ്ദേഹത്തിന്റെ ഒറ്റപ്പെട്ട ചില നിരീക്ഷണങ്ങൾ പണ്ഡിതന്മാരുടെ രൂക്ഷ വിമർശവും ക്ഷണിച്ചുവരുത്തി. എങ്കിലും ബുദ്ധിജീവികളെ ആകർഷിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. എന്നാൽ 1970-ൽ സി.എൻ. അഹ്മദ് മൗലവി പ്രസിദ്ധീകരിച്ച സ്വഹീഹുൽ ബുഖാരിയുടെ സംഗ്രഹം (2182 ഹദീസുകൾ) വിലമതിക്കപ്പെട്ട സേവനം തന്നെയെങ്കിലും മുഖവുരയിൽ അദ്ദേഹം നടത്തിയ ഹദീസ് നിരൂപണം അംഗീകൃത മാനദണ്ഡങ്ങളിൽ ഒതുങ്ങുന്നു എന്ന് പറയാനാവില്ല. ശൈഖ് ഖറദാവി ചൂണ്ടിക്കാട്ടിയപോലെ തന്റെ ബുദ്ധിക്ക് ദഹിക്കുന്നതല്ല എന്ന കാരണത്താൽ ബുഖാരി ഉദ്ധരിച്ച പ്രബലങ്ങളായ പല ഹദീസുകളും തള്ളിക്കളയാൻ അദ്ദേഹം ധൈര്യപ്പെട്ടിട്ടുണ്ട്. സ്വഹീഹായ ഏത് ഹദീസും പരമാവധി സ്വീകരിക്കാനും വ്യാഖ്യാനിക്കാനുമാണ് ശ്രമിക്കേണ്ടത്, ഗത്യന്തരമില്ലെങ്കിൽ മാത്രമേ ഹദീസ് നബിവചനമായിരിക്കയില്ല എന്ന നിഗമനത്തിലെത്താവൂ എന്നതാണ് പണ്ഡിതമതം. സി.എൻ. ഒറ്റയടിക്ക് നിരാകരിച്ച പല ഹദീസുകളുടെയും ഉള്ളടക്കം അദ്ദേഹം അവകാശപ്പെട്ടപോലെ ഖുർആനിന്നോ സാമാന്യ ബുദ്ധിക്കോ യോജിക്കാത്തതല്ല. ഉദാഹരണത്തിന്, ഇബ്നു അബ്ബാസ് ഉദ്ധരിച്ച 2126-ാം നമ്പർ ഹദീസ്. അദ്ദേഹം പറയുന്നു: 'ചെറു കുറ്റങ്ങൾക്ക്, അബൂഹുറയ്റ (റ) തിരുമേനി(സ)യിൽനിന്നുദ്ധരിച്ച ഹദീസിൽ പറഞ്ഞ ചില കാര്യങ്ങളേക്കാൾ ഉത്തമമായ ഉദാഹരണങ്ങൾ ഞാൻ കണ്ടിട്ടില്ല. ഓരോ മനുഷ്യന്റെ പേരിലും വ്യഭിചാരത്തിന് ഓരോ പങ്ക് അല്ലാഹു എഴുതിവെക്കാറുണ്ട്. ആ പങ്ക് മനുഷ്യൻ നിർവഹിക്കുകതന്നെ ചെയ്യും, സംശയമില്ല. കണ്ണിന്റെ വ്യഭിചാരം നോട്ടമത്രെ; നാവിന്റേത് സംസാരവും. മനസ്സ് ആശിക്കുന്നു; ജനനേന്ദ്രിയം അത് സാക്ഷാൽക്കരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നു.' ഈ ഹദീസിനെപ്പറ്റി മുഖവുരയിൽ സി.എൻ. മൗലവിയുടെ നിരീക്ഷണം: അപ്പോൾ മനുഷ്യൻ ഇച്ഛിച്ചാലും ഇല്ലെങ്കിലും അവൻ വ്യഭിചരിക്കുക തന്നെ വേണമെന്ന് അല്ലാഹു കൽപിച്ചുവെച്ചിരിക്കുന്നു എന്നാണ്. ഇതിനെക്കുറിച്ച് വല്ലതും പറയേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇങ്ങനെയാണെങ്കിൽ "വ്യഭിചാരത്തെ സമീപിക്കുകപോലുമരുതെന്ന്" ഖുർആൻ എന്തുകൊണ്ട് ആവർത്തിച്ചനുശാസിച്ചുകൊണ്ടിരിക്കുന്നു? (ഒന്നാം പതിപ്പ് -



*സി.എൻ. അഹ്മദ് മൗലവി*

പേജ് 204)

യഥാർഥത്തിൽ മനഃശാസ്ത്രപരമായി തികച്ചും വസ്തുനിഷ്ഠവും വ്യഭിചാര പ്രതിരോധത്തിന് ഏറെ ഫലപ്രദവുമായ ഒരു നബിവചനത്തെയാണ് കേവലം ഉപരിപ്ലവപരമായി ഗ്രന്ഥകർത്താവ് തള്ളിക്കളയാൻ ധൈര്യപ്പെട്ടിരിക്കുന്നത്. സുന്ദരികളോ മാദകത്വമുള്ളവരോ ആയ യുവതികളെ കാണുമ്പോൾ പുരുഷമനസ്സിലുണ്ടാവുന്ന രാസ പരിണാമങ്ങൾ ആധുനിക ശാസ്ത്രം സ്ഥിരീകരിച്ചു കഴിഞ്ഞതാണ്. സ്ത്രീകളുമായി സംസാരിക്കുമ്പോഴാകട്ടെ, ലൈംഗികോത്തേജനം കൂടുതൽ ശക്തമാവുന്നു. അതിനാലാണ് സ്ത്രീപീഡനത്തെ കേവലം ശാരീരികബന്ധത്തിലൊതുക്കാതെ അപമര്യാദയോടെയുള്ള നോട്ടത്തെയും സംസാരത്തെയും നിയമംപോലും പീഡനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയവങ്ങളുടെ അപഥസഞ്ചാരത്തെ ശിക്ഷാർഹമായ വ്യഭിചാരക്കുറ്റമായി പ്രവാചകൻ(സ) എണ്ണി എന്ന തെറ്റിദ്ധാരണയിൽനിന്നാവും മൗലവിയുടെ പ്രതികരണം. വൈകാരിക നോട്ടത്തെയും സംസാരത്തെയും ഖുർആൻ തന്നെയാണ് വിലക്കിയതെന്നിരിക്കെ മേലുദ്ധരിച്ച ഹദീസ് അതിന്റെ വ്യാഖ്യാനമേ ആവുന്നുള്ളൂ. ഹദീസിന്റെ പദപ്രയോഗങ്ങളാകട്ടെ വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താനുള്ളതാണ്. അക്ഷരാർഥത്തിലെടുത്ത് എല്ലാവരും ഏത് പരിതസ്ഥിതിയിലും വ്യഭിചരിക്കുമെന്ന് ദൈവം ആദ്യമേ നിശ്ചയിച്ചു എന്ന് തീരുമാനിക്കാനല്ല. വ്യഭിചാരത്തോട് അടുക്കരുത് എന്ന ഖുർആൻ സൂക്തത്തെ സാർഥകമാക്കുകയാണ് കണ്ണിന്റെയും നാവിന്റെയും വ്യഭിചാരത്തെക്കുറിച്ച പരാമർശങ്ങളിലൂടെ നബി(സ) ചെയ്തിരിക്കുന്നത്. സകാത്ത് ധനത്തിന് അബൂഹുറയ്റ കാവൽ നിന്നപ്പോൾ പിശാച് വന്ന സംഭവം, അല്ലാഹു എല്ലാ രാത്രിയുടെയും അന്ത്യയാമത്തിൽ ഭൂമിയോട് ഏറ്റവും അടുത്ത ആകാശത്തിൽ ഇറങ്ങിവരും എന്ന ഹദീസ് (583), ഇബ്റാഹീം നബി ചേലാകർമം നടത്തിയത് 80-ാം വയസ്സിലാണെന്ന പ്രസ്താവം (1372), മുന്ന് സന്താനങ്ങൾ പ്രായപൂർത്തിക്ക് മുമ്പേ മരണമടഞ്ഞാൽ പിതാവിന് സ്വർഗം ലഭിക്കുമെന്ന വാഗ്ദാനം (617), യമനികളുടെ ഈമാനിനെ നബി പ്രശംസിച്ചത് (1355) തുടങ്ങി പലതും സി.എൻ. മൗലവി തന്റെ ബുദ്ധിക്ക് നിരക്കാത്തതിനാൽ തള്ളിക്കളഞ്ഞവയിൽ ഉൾപ്പെടുന്നു. സൂക്ഷ്മമായി അപഗ്രഥിക്കാൻ അദ്ദേഹം സമയം കണ്ടിരുന്നെങ്കിൽ തികഞ്ഞ ലാഘവത്തോടെ ഇപ്പണി അദ്ദേഹം ചെയ്യുമായിരുന്നില്ല. ചുരുങ്ങിയ പക്ഷം തനിക്ക് പിടികിട്ടാത്ത ഹദീസുകളെപ്പറ്റി മൗനം പാലിക്കുകയായിരുന്നു ഉചിതം.

എന്നാൽ ഒരളവോളം സംയമനം പാലിച്ച സി.എൻ അഹ്മദ് മൗലവി ഹദീസ് നിഷേധ പ്രസ്ഥാനത്തിന്റെ ഭാഗമാവാൻ ഇഷ്ടപ്പെട്ടില്ല. ബുഖാരിയുടെ മഹത് സേവനത്തെ വില കുറച്ചുകാണാനും അദ്ദേഹം തയാറായില്ല. സകല പരിധികളും ലംഘിച്ച് ഹദീസ് നിഷേധത്തെ തന്റെ വാദഗതികളുടെ അടിത്തറയാക്കിയത് ചേകന്നൂർ അബുൽഹസൻ മുഹമ്മദ് മൗലവിയാണ് (1936-1993).

### മൗലവി ചേകന്നൂർ

പള്ളിദർസുകളിൽനിന്ന് മതപഠനം പൂർത്തീകരിച്ച മൗലവി ചേകന്നൂർ ബുദ്ധിമാനായ പണ്ഡിതനും സംവാദ വിദഗ്ധനും ആയിരുന്നു. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഭിരമിച്ചിരുന്ന യാഥാസ്ഥിതിക പണ്ഡിതന്മാരോട് ആശയസമരത്തിലേർപ്പെട്ടാണ് അദ്ദേഹം ജീവിതമാരംഭിച്ചത്. അറുപതുകളുടെ തുടക്കത്തിൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ അദ്ദേഹം അധ്യാപകനായിരുന്നപ്പോഴും യാഥാസ്ഥിതികരുമായുള്ള വാദപ്രതിവാദങ്ങൾ വാശിയോടെ തുടർന്നിരുന്നു. എന്നാൽ മുജാഹിദ് മൗലവിമാരുടെ നിരന്തര പ്രേരണയും വാദപ്രതിവാദ പരിപാടികൾക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ നിയന്ത്രണത്തിലുള്ള ശാന്തപുരം ഉചിതമല്ലെന്ന തോന്നലും ശക്തമായപ്പോൾ 1965-ൽ ചേകന്നൂർ എടവണ്ണ ജാമിഅ നദ്‌വിയ്യയിലേക്ക് മാറി. (ചേകന്നൂർ ശാന്തപുരം ഇസ്‌ലാമിയാ കോളേജ് വിട്ടത് ജമാഅത്തെ ഇസ്‌ലാമിയുടെ ദൈവാധിപത്യവാദത്തോട് വിയോജിച്ചാണെന്ന് അദ്ദേഹത്തിന്റെ ശിഷ്യൻ എം.പി. മുഹമ്മദുണ്ണി മൗലവി 'ചേകന്നൂർ മൗലവി: ജീവിതവും സന്ദേശവും' എന്ന പുസ്തകത്തിൽ എഴുതിവെച്ചത് തീർത്തും അവാസ്തവമാണ്. അക്കാര്യം ചർച്ചാവിഷയമേ ആയിരുന്നില്ല.) എന്നാൽ മദ്ഹബുകൾ മാത്രമല്ല ഹദീസുകളും തിരസ്കരിക്കപ്പെടുന്നവയാണെന്ന ചിന്ത മൗലവി പരസ്യമായി പ്രകടിപ്പിക്കാൻ തുടങ്ങിയതോടെ മുജാഹിദ് മൗലവിമാരുമായുള്ള ബാന്ധവവും അദ്ദേഹത്തിന് പെട്ടെന്ന് അവസാനിപ്പിക്കേണ്ടിവന്നു. പിന്നീടങ്ങോട്ട് സ്വന്തം ഇജ്തിഹാദും മദ്ഹബുമായി പ്രയാണം തുടരുകയായിരുന്നു മൗലവി ചേകന്നൂർ. മുഴുവൻ ഉൽപന്നങ്ങൾക്കും സകാത്ത് നിർബന്ധമാണെന്ന വീക്ഷണം പുരോഗമന പ്രസ്ഥാനങ്ങൾ നേരത്തെ തന്നെ പ്രാമാണികമായി തെളിയിച്ചുകഴിഞ്ഞിരുന്നതാണ്. അക്കാര്യത്തിൽ സംവാദത്തിനിറങ്ങിയ ചേകന്നൂർ വേറിട്ട് നിന്നത് സർക്കാറിന് നൽകുന്ന നികുതി തന്നെ സകാത്തായി ഗണിക്കാം എന്ന ഫത്‌വയോടെയാണ്. എന്നാൽ പിതാമഹന്റെ സ്വത്തിൽ പൗത്രന് അനന്തരാവകാശമുണ്ടെന്ന അദ്ദേഹത്തിന്റെ വാദഗതിയെ പണ്ഡിതന്മാർ എതിർത്തു. പിന്നീടാണ് സ്വന്തം മാസികയായ 'നിരീക്ഷണ'ത്തിലൂടെ ഹദീസുകൾ സ്വീകാര്യമാവാൻ സ്വഹാബിതലം മുതൽ രണ്ട് സാക്ഷികൾ വേണമെന്ന വാദം അദ്ദേഹം മുന്നോട്ടുവെച്ചത്. ഹദീസ് സ്വീകാര്യതയുടെ സർവാംഗീകൃത മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ് ഈ അഭിപ്രായം. ഇസ്‌ലാമിക ശിക്ഷാനിയമപ്രകാരം ഒരു കേസ് തെളിയാൻപോലും സത്യസന്ധരായ രണ്ട് സാക്ഷികൾ വേണമെന്നിരിക്കെ അതിനേക്കാൾ



*മൗലവി ചേകന്നൂർ*

> **ഇസ്‌ലാമിക ശിക്ഷാനിയമപ്രകാരം ഒരു കേസ് തെളിയാൻപോലും സത്യസന്ധരായ രണ്ട് സാക്ഷികൾ വേണമെന്നിരിക്കെ അതിനേക്കാൾ എത്രയോ മടങ്ങ് പ്രധാനമായ ഹദീസുകളുടെ കാര്യത്തിൽ നബി(സ)യിൽ നിന്ന് കേട്ടവർ ഒരാൾമതി എന്ന തീരുമാനം എങ്ങനെ സ്വീകാര്യമാവും എന്ന യുക്തിവാദമാണ് ചേകന്നൂർ മുന്നോട്ടുവെച്ചത്. രണ്ട് സ്വഹാബിമാർ ഒരേപോലെ ഉദ്ധരിച്ച ഹദീസുകൾ അത്യപൂർവമോ തീരെ ഇല്ലാത്തതോ ആണെന്നിരിക്കെ പരോക്ഷമായി സുന്നത്തിന്റെ നിരാസം തന്നെയായിരുന്നു ചേകന്നൂരിന്റെ ഉള്ളിലിരിപ്പ്. അത് പച്ചയായി പുറത്തുവരാൻ അധികനാൾ വേണ്ടിവന്നില്ലതാനും.**

എത്രയോ മടങ്ങ് പ്രധാനമായ ഹദീസുകളുടെ കാര്യത്തിൽ നബി(സ)യിൽ നിന്ന് കേട്ടവർ ഒരാൾമതി എന്ന തീരുമാനം എങ്ങനെ സ്വീകാര്യമാവും എന്ന യുക്തിവാദമാണ് ചേകന്നൂർ മുന്നോട്ടുവെച്ചത്. രണ്ട് സ്വഹാബിമാർ ഒരേപോലെ ഉദ്ധരിച്ച ഹദീസുകൾ അത്യപൂർവമോ തീരെ ഇല്ലാത്തതോ ആണെന്നിരിക്കെ പരോക്ഷമായി സുന്നത്തിന്റെ നിരാസം തന്നെയായിരുന്നു ചേകന്നൂരിന്റെ ഉള്ളിലിരിപ്പ്. അത് പച്ചയായി പുറത്തുവരാൻ അധികനാൾ വേണ്ടിവന്നില്ലതാനും. 'ബുഖാരിയും മുസ്‌ലിമും ലോക പൊള്ളന്മാരാണെന്നതിന്റെ വ്യക്തമായ തെളിവുകൾ!!' എന്ന തന്റെ കൃതിയിൽ ചേകന്നൂർ എഴുതിയതിങ്ങനെ: 'അഹ്‌ലുൽ ഹദീസുകാരുടെ ഇമാമുകളായ ബുഖാരിയും മുസ്‌ലിമും ലോക പൊള്ളന്മാരാണെന്നും നബിയെയും ഇസ്‌ലാമിനെയും താറടിക്കാനും ഖുർആൻ വിരുദ്ധമായ ജൂത നിയമങ്ങൾ ഇസ്‌ലാമിലേക്ക് കുത്തിക്കയറ്റാനും വേണ്ടി വേഷം മാറി വന്ന ജൂത ഏജന്റുമാരാണെന്നും ലക്ഷ്യസഹിതം തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ "ഏകസാക്ഷി, രണ്ടുസാക്ഷി ചർച്ചകൾ"ക്കൊന്നും യാതൊരാവശ്യവുമില്ലെന്ന് മാന്യവായനക്കാരെ ഉണർത്തിക്കൊള്ളുന്നു. എന്നാൽപിന്നെ നബിയിൽനിന്ന് രണ്ട് സാക്ഷിമുഖേന തെളിഞ്ഞുകിട്ടിയ എല്ലാ ഹദീസുകളും ഇസ്‌ലാമിന്റെ രണ്ടാം പ്രമാണമായി സ്വീകരിക്കുമെന്നെന്തിന് പറഞ്ഞു എന്നായിരിക്കും ചോദ്യം. "അല്ലാഹുവിന് ഒരു കുട്ടിയുണ്ടെങ്കിൽ ആ കുട്ടിയെ ആദ്യമായി ആരാധിക്കുന്നവൻ ഞാനാണെന്ന് നീ പ്രഖ്യാപിക്കൂ" എന്ന് ഖുർആൻ 43:81-ൽ അല്ലാഹു നബിയോടാജ്ഞാപിക്കുകയുണ്ടായല്ലോ. അതിന്റെ ലക്ഷ്യമെന്തായിരുന്നുവെങ്കിൽ അതേ ലക്ഷ്യംതന്നെയാണിതിലുമുള്ളത്. രണ്ടും എതിരാളികളെ മുട്ടുകുത്തിക്കാനുള്ള പ്രഖ്യാപനമാണെന്ന് സാരം. (പേജ് 5, പ്രസാധകർ? പ്രസ്സ്? വർഷം: 1992)

(ഹദീസുകളെ സ്ഥിരമായി വാറോലകൾ എന്ന് വിശേഷിപ്പിച്ചിരുന്ന ചേകന്നൂർ മൗലവിയുടെ ചിലകൃതികൾ പ്രസാധകരുടേയോ പ്രിന്റിംഗ് പ്രസ്സിന്റെയോ പേർപോലും അച്ചടിക്കാത്ത വാറോലകളായത് യാദൃച്ഛികമാവാം). ചുരുക്കത്തിൽ മൗലവി ഒടുവിൽ വളയമില്ലാതെ തന്നെ ചാടി. ഖുർആൻ-സുന്നത്ത് സൊസൈറ്റി എന്ന് അദ്ദേഹം തന്റെ സംഘടനയ്ക്ക് പേരിടുകയും 'ഖുർആനിലൂടെ സ്ഥിരപ്പെട്ട സുന്നത്ത്' എന്നതിനെ വ്യാഖ്യാനിക്കുകയും ചെയ്തുവെങ്കിലും പ്രയോഗത്തിൽ ഹദീസുകളൊന്നും അദ്ദേഹം സ്വീകരിക്കുകയുണ്ടായില്ല. ഹദീസ് നിരാസത്തിന് അദ്ദേഹം സ്വീകരിച്ച കുതന്ത്രം മാത്രമാണ് ഏറ്റവുമധികം ഹദീസുകൾ ഉദ്ധരിച്ച സ്വഹാബിവര്യൻ അബൂഹുറയ്റ(റ)യുടെയും ഹദീസ് ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാമാണികമായി അംഗീകരിക്കപ്പെട്ട സമാഹാരങ്ങളുടെ കർത്താക്കളായ ബുഖാരി, മുസ്‌ലിം(റ) എന്നിവരുടെയും നേരെ നടത്തിയ നെറികെട്ട ആക്രമണം. സമാദരണീയരായ ഈ മൂന്ന് മഹാത്മാക്കളും തനി ജൂതന്മാരും കള്ളന്മാരും പൊള്ളന്മാരുമാണെന്ന് സ്ഥാപിക്കാൻ മൗലവി ചേകന്നൂർ നിരവധി കൃതികൾ രചിച്ചു. ഒട്ടേറെ പ്രസംഗങ്ങളും ക്ലാസ്സുകളും നടത്തി. പ്രതിപക്ഷ ബഹുമാനത്തിന്റെ ലാഞ്ഛനപോലുമില്ലാത്ത ശുദ്ധ തെറിയഭിഷേകങ്ങളാണ് പലതും. ഈ പോരാട്ടംകൊണ്ട് മൗലവിക്ക് നേടേണ്ടിയിരുന്നത് മുഖ്യമായും മൂന്ന് ലക്ഷ്യങ്ങളാണ്:

ഒന്ന്, വിശുദ്ധ ഖുർആനാണ് ഏക പ്രമാണമെന്നും ഹദീസുകൾ സ്വീകാര്യമല്ലെന്നും വന്നാൽ നടേ സൂചിപ്പിച്ച പോലെ വികലവും അപൂർണവുമായ ഒരു പുതിയ ബ്രാന്റ് ഇസ്‌ലാം, സ്വന്തം വ്യാഖ്യാനക്കസർത്തുകളിലൂടെ അവതരിപ്പിക്കാം.

രണ്ട്, മുസ്‌ലിം സമൂഹത്തിലെ മതേതരരെന്നും പുരോഗമന വാദികളെന്നും അഹങ്കരിക്കുന്ന തനി കപടന്മാരായ ഒരു വിഭാഗത്തിന്റെ കയ്യടിയും പിന്തുണയും നേടിയെടുക്കാം.

മൂന്ന്, അമുസ്‌ലിംകളിലെ നാസ്തിക, യുക്തിവാദി, സർവമത സത്യവാദി വിഭാഗങ്ങളുടെ അനുഗ്രഹാശിസ്സുകൾ തരപ്പെടുത്താം.

ഫലത്തിൽ സംഭവിച്ചതും അതുതന്നെ. മൗലവി ചേകന്നൂരിന്റെ 'ദീനെ ഇലാഹി'യിൽ ബാങ്കും ഇഖാമത്തും ഇല്ല, അഞ്ച്നേര നമസ്കാരങ്ങളില്ല, ഉണ്ടെന്ന് പറയുന്ന നമസ്കാരങ്ങൾക്ക് മുസ്‌ലിം ലോകം പ്രവാചകന്റെ കാലം മുതൽ നിലനിർത്തിവന്ന നിശ്ചിത ക്രമവും ഇല്ല. റമദാനിൽ മൂന്ന് ദിവസമേ വ്രതം വേണ്ടതുള്ളൂ; അതും ഐഛികം മാത്രം. നികുതി കൊടുക്കുന്നവർ സകാത്ത് വേറെ കൊടുക്കേണ്ടതില്ല. ഹജ്ജിൽ കല്ലേറ് ഇല്ല. ഇസ്രാഅ് ഖുർആൻ പരാമർശിച്ചതിനാൽ സത്യമാണ്. പക്ഷേ, കുറെ ദിവസമെടുത്ത് നബി(സ) സാധാരണ പോലെ നടത്തിയ ബൈത്തുൽ മുഖദ്ദസ് ഉല്ലാസ യാത്രയായിരുന്നു അത്. മിഅ്റാജാകട്ടെ 'പെരുങ്കള്ളവും!' നബി(സ)യുടെ പേരിൽ ചൊല്ലിവരുന്ന സ്വലാത്തും സലാമും ദൈവധിക്കാരമാണ്, ഇസ്‌ലാം കാര്യങ്ങൾ തന്നെ അഞ്ചല്ല പത്താണ്, 'ബുഖാരിയും മുസ്‌ലിമും ഒഴിച്ചുള്ള എല്ലാ മതഗ്രന്ഥങ്ങളും സത്യമാണെന്നിരിക്കെ' ഓരോ മതസ്ഥരും തങ്ങളുടെ മതമനുസരിച്ച് ജീവിച്ചാൽതന്നെ മോക്ഷത്തിന്നർഹരാണ് എന്ന് തുടങ്ങിയുള്ള വാദങ്ങൾ (എല്ലാം ചേകന്നൂർ കൃതികളിൽനിന്ന് ഉദ്ധരിച്ചത്) തീർത്തും പുതിയൊരു മതത്തിന്റെ ചിത്രം മുന്നോട്ട് വെക്കുന്നു. ജനാധിപത്യയുഗത്തിലും രാജ്യത്തും അതിന് അദ്ദേഹത്തിനുള്ള സ്വാതന്ത്ര്യം വകവെച്ചുകൊടുത്തേ പറ്റൂ. അതിനാൽ അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി കഥകഴിച്ചവരുടെ ചെയ്തി ഒരർഥത്തിലും നീതീകരിക്കാനാവില്ല. ഇക്കാര്യത്തിൽ നിയമം അതിന്റെ വഴി പൂർത്തിയാക്കുകയും വേണം. പക്ഷേ, ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങളെത്തന്നെ തള്ളിപ്പറഞ്ഞ ചില ശീഈ വിഭാഗങ്ങളുടെയും അബൂറയ്യയെ പോലുള്ള നവീകരണ വാദികളുടെയും വികല വാദഗതികളെയും സ്വാംശീകരിച്ച് കേരളീയ പശ്ചാത്തലത്തിൽ തന്റേതായി അവതരിപ്പിച്ച മൗലവി ചേകന്നൂർ ഒരർഥത്തിലും ഇസ്‌ലാമിക പരിഷ്കർത്താവോ ഇസ്‌ലാമിക നവോത്ഥാന ചിന്തകനോ ആയിരുന്നില്ലെന്ന് പറയാൻ രണ്ട് വട്ടം ആലോചിക്കേണ്ടതില്ല. വൈരുധ്യങ്ങളുടെയും വിവേക ശൂന്യങ്ങളായ വാദഗതികളുടെയും വൈകാരികാക്രമണങ്ങളുടെയും ആകത്തുകയാണ് ചേകന്നൂരിസം. ഹദീസുകളെ അദ്ദേഹം മൊത്തമായി നിരാകരിച്ചപ്പോഴും തനിക്കാവശ്യമെന്ന് തോന്നിയ ദുർബല രിവായത്തുകളെപോലും അദ്ദേഹം തെളിവുകളായി അവലംബിച്ചു. അബൂഹുറയ്റ 'പെരും ജൂതക്കള്ളൻ'! ആ സ്വഹാബിവര്യനെതിരെ ആരെന്ത് പരാമർശം നടത്തിയാലും സ്വീകാര്യമായ തെളിവും. മൂന്ന് വർഷത്തിലധികം നബി(സ)യോട് നിരന്തരമായി സഹവസിച്ച അബൂഹുറയ്റയുടേതായി, ആവർത്തനം ഒഴിച്ചുനിർത്തിയാൽ 446 ഹദീസുകളാണ് ബുഖാരി ഉദ്ധരിച്ചിട്ടുള്ളത്. പലരുമായി സമാഹരിച്ച 5374 ഹദീസുകൾ അബൂഹുറയ്റയുടെ ലിസ്റ്റിൽ മൊത്തമുണ്ടെങ്കിലും പലതും ആവർത്തനങ്ങളാണ്. മറ്റുപലതും ദുർബല നിവേദക പരമ്പരകൾ മൂലം അസ്വീകാര്യങ്ങളും. സ്വഹീഹായ ഹദീസുകളിൽ പലതിനും മറ്റു സ്വഹാബിമാർ ഉദ്ധരിച്ച ഹദീസുകളുടെ പിൻബലമുണ്ട് താനും. 'ബാങ്കും ഇഖാമത്തുമെല്ലാം അതേ അബൂഹുറയ്റ തന്നെ ഇറക്കുമതി ചെയ്ത ജൂതസിദ്ധാന്തങ്ങളടങ്ങിയ തനി അനാചാരങ്ങളാണെന്നാണ് ഇവിടെ ശക്തിയായി സ്ഥാപിക്കാൻ പോകുന്നത്' (ഖുർആൻ വിരുദ്ധ ബാങ്കും ഇഖാമത്തും-മൗലവി ചേകന്നൂർ, 1990 മാർച്ച്, പി.കെ.എം. പ്രസ്സ് ആന്റ് പബ്ലിഷിംഗ് ഹൗസ്, എടപ്പാൾ).

ഒരു കൗതുകത്തിന് ഇബ്നു ഹജറുൽ അസ്ഖലാനിയുടെ പ്രസിദ്ധ കൃതിയായ *ബുലൂഗുൽമറാം* എന്ന ഹദീസ് സമാഹാരം എടുത്ത്, ബാബുൽ മവാഖീത് (നമസ്കാരസമയങ്ങൾ), ബാബുൽ അദാൻ (ബാങ്കുവിളി) എന്നീ അധ്യായങ്ങൾ ഓടിച്ചു നോക്കി. 27 ഹദീസുകളാണ് മൊത്തം ബാബുൽ മവാഖീതിൽ ചേർത്തിരിക്കുന്നത്. രണ്ടേ രണ്ടെണ്ണം മാത്രം അബൂഹുറയ്റ വഴി ഉദ്ധരിക്കപ്പെട്ടത്. ബാക്കിയത്രയും ഇബ്നു ഉമർ,

അബൂമൂസൽ അശ്അരി, ജാസിർ, റാഫിഉ ബിൻ ഖദീജ്, ആഇശ, അബൂസഈദിൽ ഖുദ്രി, ഉഖ്ബ, ജുബൈർ ബിൻ മുത്ഇം, അംറുബ്നുൽ ആസ്(റ) തുടങ്ങിയ സ്വഹാബിവര്യന്മാരിൽനിന്നുദ്ധരിക്കപ്പെട്ടവയാണ്. പലതും ഒരേ ഉള്ളടക്കത്തിന്റെ ആവർത്തനവും. എന്നിട്ടാണ് അഞ്ചുനേര നമസ്കാരം അബൂഹുറയ്റയുടെ ജൂതായിസ്റ്റ് അംഗീകരിക്കുകയാണെന്ന പെരുമ്പറ. ഇനി ബാങ്ക് വിളിയോ; പ്രസ്തുത അധ്യായത്തിലെ 27 ഹദീസുകളിലും ഒരെണ്ണം മാത്രമാണ് അബൂഹുറയ്റ ഉദ്ധരിച്ചത്. അതാവട്ടെ, ബാങ്കിന്റെ വാചകങ്ങളുമായി ബന്ധപ്പെട്ടതല്ലതാനും. ജൂത അട്ടിമറിക്കാരെന്ന് ചേകന്നൂർ നിരന്തരം അധിക്ഷേപിച്ച ബുഖാരിയോ മുസ്ലിമോ മാത്രമല്ല അഹ്മദ്, തിർമിദി, അബൂദാവൂദ്, നസാഇൗ പോലുള്ളവർ കൂടി സമാഹരിച്ചവയാണ് പ്രസ്തുത ഹദീസുകളെന്നതും ശ്രദ്ധേയമാണ്. ചുരുക്കത്തിൽ സ്വയം ജൂത ഗൂഢാലോചനക്ക് ബോധപൂർവമോ അല്ലാതെയോ ഇരയായി ദീനുൽ ഇസ്ലാം ആകെ ജൂതായിസമാക്കി മാറ്റുകയായിരുന്നു ചേകന്നൂർ. അതിനാൽ അദ്ദേഹം ഹദീസുകളെ തള്ളിക്കളയുക മാത്രമല്ല ചെയ്തത്, ലജ്ജാകരമാംവിധം ഖുർആൻ സൂക്തങ്ങളെ ദുർവ്യാഖ്യാനിക്കുക കൂടിയായിരുന്നു. മികച്ച ഉദാഹരണങ്ങളാണ് ഹദീസുകൾ തള്ളിക്കളയാൻ കണ്ടെത്തിയ മൂന്ന് ഖുർആൻ സൂക്തങ്ങൾ: "അവ അല്ലാഹുവിന്റെ സൂക്തങ്ങളാകുന്നു. അവയെ നാം താങ്കൾക്ക് യഥാവിധം ഓതിക്കേൾപിക്കുന്നു. അതിനാൽ അല്ലാഹുവിനും അവന്റെ സൂക്തങ്ങൾക്കും ശേഷം മറ്റെന്ത് വൃത്താന്തത്തി(ഹദീസ്)ലാണ് അവർ വിശ്വസിക്കുന്നത്." (*അൽജാസിയ:* 6)

ഈ സൂക്തത്തിലെ ഹദീസ് എന്ന പദത്തിന് വൃത്താന്തം, സന്ദേശം എന്നിത്യാദി അർഥങ്ങളേ കൽപിക്കാനാവൂ. അല്ലാതെ 'നബിയുടെ ഹദീസ്' എന്ന സാങ്കേതികാർഥം ഒരു വിധത്തിലും സന്ദർഭോചിതമല്ല. നബിയുടെ ഹദീസിനെ ഉദ്ദേശിച്ച് ഹദീസ് എന്ന പദപ്രയോഗം ഖുർആനിൽ ഒരിടത്തും ഇല്ലതാനും. പക്ഷേ ഖുർആന്നു ശേഷം ഇനിയെന്ത് ഹദീസ് എന്ന് അല്ലാഹു ചോദിച്ചതായി തട്ടിവിട്ടു ചേകന്നൂരികൾ. 'പ്രസ്തുത സൂക്തത്തിന്റെ മുമ്പുള്ള സൂക്തങ്ങൾ കൂടി ശ്രദ്ധിച്ചാലേ തട്ടിപ്പിന്റെ ആഴം പിടികിട്ടൂ. അതി പ്രകാരമാണ്:

1. "ഹാമീം, ഈ വേദാവതരണം അജയ്യനും യുക്തിമാനുമായ അല്ലാഹുവിൽ നിന്നാകുന്നു. 2. നിശ്ചയം, ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ട്. 3. നിങ്ങളുടെ തന്നെ സൃഷ്ടിയിലും അവൻ വ്യാപിപ്പിക്കുന്ന ജീവജാലങ്ങളിലും ദൃഢമായി വിശ്വസിക്കുന്ന ജനത്തിന് ദൃഷ്ടാന്തങ്ങളുണ്ട്. 4. രാപ്പകലുകൾ മാറിമാറി വരുന്നതിലും അല്ലാഹു ആകാശത്ത് നിന്നിറക്കിയ വിഭവത്തിലും അതുവഴി ഭൂമിയെ നിർജ്ജീവാവസ്ഥക്ക് ശേഷം അവൻ ജീവിപ്പിച്ചതിലും കാറ്റിനെ കറക്കിയതിലും ബുദ്ധിയുള്ള ജനത്തിന് ദൃഷ്ടാന്തങ്ങളുണ്ട്." (*അൽ ജാസിയ* 1–5)



**ഒടുവിൽ മൗലവി ചേകനൂർ വളയമില്ലാതെ തന്നെ ചാടി. ഖുർആൻ-സുന്നത്ത് സൊസൈറ്റി എന്ന് അദ്ദേഹം തന്റെ സംഘടനക്ക് പേരിടുകയും 'ഖുർആനിലൂടെ സ്ഥിരപ്പെട്ട സുന്നത്ത്' എന്നതിനെ വ്യാഖ്യാനിക്കുകയും ചെയ്തുവെങ്കിലും പ്രയോഗത്തിൽ ഹദീസുകളൊന്നും അദ്ദേഹം സ്വീകരിക്കുകയുണ്ടായില്ല. ഹദീസ് നിരാസത്തിന് അദ്ദേഹം സ്വീകരിച്ച കുതന്ത്രം മാത്രമാണ് ഏറ്റവുമധികം ഹദീസുകൾ ഉദ്ധരിച്ച സ്വഹാബിവര്യൻ അബൂഹുറയ്റ(റ)യുടെയും ഹദീസ് ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാമാണികമായി അംഗീകരിക്കപ്പെട്ട സമാഹാരങ്ങളുടെ കർത്താക്കളായ ബുഖാരി, മുസ്ലിം (റ) എന്നിവരുടെയും നേരെ നടത്തിയ നെറികെട്ട ആക്രമണം.**

പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെക്കുറിച്ചല്ലാതെ വല്ല സൂചനയും ഈ ഖുർആൻ സൂക്തങ്ങളിലുണ്ടോ? പിന്നെയെങ്ങനെ ആറാമത്തെ സൂക്തംമാത്രം ഒറ്റയടിക്ക് നബിയുടെ ഹദീസുകളിലേക്ക് ഹൈജമ്പ് നടത്തും?

ഇതിനേക്കാൾ ദയനീയമാണ് ഹദീസ് നിഷേധത്തിന് കണ്ടെത്തിയ രണ്ടാമത്തെ ആയത്തിന്റെ സ്ഥിതി. അതിങ്ങനെ:

"ആകാശ ഭൂമികളുടെ ആധിപത്യത്തെയും അല്ലാഹു എന്തെല്ലാം സൂചിപ്പിച്ചുവോ അതിനെയും അവരുടെ അവധി ഒരുവേള ആസന്നമായില്ലേ എന്നതിനെയും കുറിച്ചു അവർ ചിന്തിച്ചില്ലയോ? അതിന് ശേഷം മറ്റേത് വൃത്താന്തത്തി(ഹദീസ്)ലാണവർ വിശ്വസിക്കുന്നത്? (*അൽഅഅ്റാഫ്*: 185)

ഈ സൂക്തത്തിന്റെ തുടക്കത്തിൽ പ്രതിപാദിച്ച പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളുമായി നബി(സ)യുടെ ഹദീസിന് വല്ല ബന്ധവുമുണ്ടോ? ചേകന്നൂരികൾ തന്നെ ആരോപിക്കുന്നത് പ്രകാരം നബി(സ)യുടെ എത്രയോ കാലശേഷം മുആവിയയുടെ കാലത്താണ് അബൂഹുറയ്റയും കൂട്ടുകാരും 'ഹദീസ് നിർമാണം' ആരംഭിക്കുന്നത്. അപ്പോൾ നബി(സ)യുടെ മക്കാ ജീവിതകാലത്തുതന്നെ അല്ലാഹു മുൻകൂറായി ഹദീസ് തള്ളിക്കളയാൻ ഉപദേശിക്കുകയായിരുന്നോ?

ഖുർആനിൽനിന്നുള്ള മൂന്നാമത്തെ തെളിവ് കൂടി നോക്കാം. മക്കയിൽ അവതരിച്ച അൽ മുർസലാത് സൂറത്തിന്റെ ഒടുവിലത്തെ – അമ്പതാമത്തെ – ആയത്ത്:

(ഇതിനുശേഷം മറ്റേന്ത് വൃത്താന്തത്തി(ഹദീസ്)ലാണ് അവർ വിശ്വസിക്കുന്നത്?). സൂറത്തിന്റെ മൊത്തം ഉള്ളടക്കം അന്ത്യനാളിലെ വിഹ്വലതകളും സ്വർഗനരക വർണനകളുമാണ്. സമാപിച്ചുകൊണ്ട് അല്ലാഹുവിന്റെ ചോദ്യമാണ് അമ്പതാമത്തെ സൂക്തം. അതിന് നബിയുടെ ഹദീസുമായി വിദൂര ബന്ധം പോലും കൽപിക്കാൻ ഒരു വഴിയുമില്ല. അല്ലെങ്കിലും ഖുർആനിലെ 23 സൂക്തങ്ങളിൽ ഹദീസ് എന്ന പദവും അഞ്ചെണ്ണത്തിൽ ബഹുവചനമായ അഹാദീസും ഉണ്ട്. ഒരിടത്തു പോലും നബിയുടെ ഹദീസ് വിദൂര സൂചന പോലുമല്ല.

ഉപര്യുക്ത മൂന്ന് സൂക്തങ്ങളും കവർസ്റ്റോറിയാക്കിക്കൊണ്ടുള്ള ഒരു ലഘുലേഖ ചേകന്നൂരിന്റെ അടുത്ത ശിഷ്യൻ ഡോ. അബ്ദുൽ ജലീൽ പുറ്റക്കാട് എനിക്കയച്ചുതരികയുണ്ടായി. മൗലവിയുടെ തിരോധാനത്തിന് ആഴ്ചകൾക്കുമുമ്പായിരുന്നു അത്. 'താങ്കൾക്കോ താങ്കളുടെ ഉസ്താദുമാർക്കുപോലുമോ ഇതിലെ ചോദ്യങ്ങൾക്ക് മറുപടി നൽകാനാവില്ല' എന്ന കുറിപ്പുസഹിതമായിരുന്നു അതെനിക്ക് ലഭിച്ചത്. ഞാനത് വായിച്ച ഉടൻ പുസ്തകത്തിലെ ഉള്ളടക്കത്തെ അടിസ്ഥാനമാക്കി 10 ചോദ്യങ്ങൾ അദ്ദേഹത്തിനയച്ചുകൊടുത്തു. 1993 ജൂൺ 16-ന് അയച്ച എന്റെ പ്രതികരണത്തിന് മാസങ്ങൾക്ക് ശേഷവും മറുപടി ലഭിക്കാതെ വന്നപ്പോൾ ഞാൻ ഒരുകോപ്പി കൂടി എടുത്ത് അദ്ദേഹത്തിന്റെ ഒരു ബന്ധുവിന്റെ പക്കൽ ഡോക്ടർക്ക് അയച്ചുകൊടുത്തു. അത് കിട്ടിയ ഉടനെ ഡോക്ടറുടെ കാർഡ് വന്നു. 'എന്റെ ഉസ്താദിന്റെ സഹായം പോലും ആവശ്യമില്ലാതെ എനിക്കതിന് മറുപടി തരാനാവും, അത് ഉടനെ അയക്കും' എന്നായിരുന്നു ഉള്ളടക്കം. നീണ്ട പതിമൂന്ന് വർഷങ്ങൾക്കു ശേഷവും മറുപടിക്കായുള്ള എന്റെ കാത്തിരിപ്പ് തുടരുന്നു. ഇതാണ് ഹദീസ് നിഷേധികളുടെ കാടടച്ചുള്ള വെല്ലുവിളികളുടെ സത്യാവസ്ഥ. ഇവരുടെ മസ്തിഷ്കങ്ങളിൽ ഇബ്‌ലീസ് താമസമാക്കിയിരിക്കുന്നു. അല്ലാഹു രക്ഷിക്കട്ടെ. ■